LIBRARY ARCHIVES Kerala Legislative Assembly

കേരള ഓപ്പൺ സ്കൂളിൽ സാമ്പത്തിക കാര്യങ്ങൾ അഴിമതിരഹിതമാക്കാൻ നടപടി

92 [691] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ഓപ്പൺ സ്കൂളിൽനിന്നും വിവിധ ആവശ്യങ്ങൾക്കായി മുൻകൂറായി കൈപ്പറ്റിയ തുകകളെ സംബന്ധിച്ച് അധികൃതരുടെ പക്കൽ വ്യക്തമായ കണക്കുകളില്ലെന്ന് ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു; വിശദാംശങ്ങൾ നൽകുമോ;

(സി) അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥാപനത്തിലെ സാമ്പത്തിക കാര്യങ്ങൾ കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) മുൻകൂർ തുക കൈപ്പറ്റിയത് സെറ്റിൽ ചെയ്തിട്ടില്ലാ എന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) മുൻകൂർ തുക സെറ്റിൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടുകൾ പരിശോധിക്കുകയും ക്രമക്കേടുകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(ഡി) മുൻകൂറായി കൈപ്പറ്റുന്ന തുക 15 ദിവസത്തിനകം കണക്ക് തീർപ്പാക്കുന്നതിന് വേണ്ട കർശന നിർദ്ദേശം നൽകുകയും ഇതിൽ വീഴ്ച വരുത്തിയാൽ 18% പലിശ ഈടാക്കുന്നതിനുള്ള നിർദ്ദേശം കാഷ്യർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

പൊതുജനങ്ങൾക്ക് പരീക്ഷാഭവനിൽ ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി

93 [692] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരീക്ഷാഭവനിൽ വിവിധ അപേക്ഷകളുമായി വരുന്ന പൊതുജനങ്ങൾക്ക് തുടരന്വേഷണങ്ങൾക്കായി മറ്റ് ഓഫീസുകളിൽനിന്ന് നൽകുന്നതുപോലെ അപേക്ഷ നല്കുമ്പോൾത്തന്നെ ഫയൽ നമ്പർ നൽകാറില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെ പ്രധാനപ്പെട്ട രേഖകളുമായി ചെല്ലുന്ന അപേക്ഷകർക്ക് ഫയൽ നമ്പറോ റസീപ്റ്റോ നൽകാത്തതുകൊണ്ട് തുടരന്വേഷണത്തിനുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് പരീക്ഷാഭവനിൽ കിട്ടുന്ന മുഴുവൻ അപേക്ഷകൾക്കും ഫയൽ നമ്പർ അപ്പോൾ തന്നെ നൽകാൻ നടപടി സ്വീകരിക്കുമോ ?